ഭരണഭാഷ മാതൃഭാഷ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം.
ഉള്ളൂർ ലെയിൻ ,ജഗതി തിരുവനന്തപുരം
ഇ-മെയിൽ- jdacad@gmail.com
ഫോൺ: 0471-2580738

നമ്പർ: HSE/16838/2024-ACD SPL4 തീയതി:28-09-2024

## സർക്കുലർ

വിഷയം: പൊ.വി.വ.ഹ.സെ.വി-സർക്കാറിൻ്റെ നാലാം നൂറുദിന കർമ്മ പരിപാടി "Key to Entrance" പൊതുപ്രവേശന പരീക്ഷകളിൽ പങ്കെടുക്കുന്ന ഹയർസെക്കണ്ടറി വിഭാഗം സ്കൂൾ കുട്ടികൾക്ക് പ്രത്യേക പരിശീലനം - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന : കൈറ്റ് ചീഫ് എക്സസിക്യൂട്ടീവ് ഓഫീസറുടെ 26/09/2024 ലെ കൈറ്റ് / 2024./1035-2 (188)നമ്പർ കത്ത്

പൊതുവിദ്യാലയങ്ങളിൽ ഹയർസെക്കണ്ടറി/വൊക്കേഷണൽ ഹയർസെക്കൻഡറി തലത്തിൽ പഠിക്കുന്ന താത്പര്യമുള്ള എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും സാമ്പത്തിക പിന്നോക്കം, നഗര-ഗ്രാമ വ്യത്യാസം തുടങ്ങിയവയില്ലാതെ പൊതുപ്രവേശന പരീക്ഷയിൽ പങ്കെടുക്കുന്നതിന് പ്രത്യേക പരിശീലനം നൽകാൻ തീരുമാനിച്ചിരിക്കുകയാണ്. പൊതുവിദ്യാഭ്യാസ വകുപ്പിലെ കേരള ഇൻഫ്രാസ്ട്രക്ചർ ആൻ്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്), കൈറ്റ് വിക്ടേഴ്സ് ചാനലിന്റേയും മറ്റ് സാങ്കേതിക സൗകര്യങ്ങളുടേയും സഹായത്തോടെയാണ് എല്ലാ കുട്ടികൾക്കും സൗജന്യമായി ഈ പരിശീലനം നൽകുന്നത്. മെഡിക്കൽ, എഞ്ചിനിയറിംഗ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ആഗ്രഹിക്കുന്ന കുട്ടികൾക്ക് "Key to Entrance" പരിശീലനത്തിൽ പങ്കെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനലിലൂടെ മുൻകൂട്ടി പ്രസിദ്ധീകരിക്കുന്ന ഷെഡ്യൂൾ അനുസരിച്ച് 2024 സെപ്റ്റംബർ 30 മുതൽ മാത്തമാറ്റിക്സ്. ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി, ഹിസ്റ്ററി, ജ്യോഗ്രഫി, എക്കണോമിക്സ്, അക്കൗണ്ടൻസി, ബിസിനസ് സ്റ്റഡീസ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, സ്റ്റാറ്റിസ്റ്റിക്സ് എന്നീ വിഷയങ്ങളുടെ ക്ലാസുകൾ സംപ്രേഷണം ചെയ്യുകയും entrance.kite.kerala.gov.in എന്ന വെബ് പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ഓൺലൈൻ പരിശീലനത്തിനും മോഡൽ പരീക്ഷകളിൽ പങ്കെടുത്ത് പ്രാക്ടീസ് ചെയ്യുന്നതിനും അവസരം ഒരുക്കുകയും ചെയ്യുന്നു. സംസ്ഥാനത്തെ എല്ലാസർക്കാർ, എയ്ഡഡ് ഹയർസെക്കണ്ടറി/വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽമാരും അവരവരുടെ സ്കൂളിലെ എല്ലാ കുട്ടികളെയും ഈ പരിശീലനം സംബന്ധിച്ച വിവരം അറിയിക്കേണ്ടതാണ്.

2 . ഏതെങ്കിലും കുട്ടിക്കോ /കുട്ടികൾക്കോ ക്ലാസുകൾ കാണുന്നതിന് സ്കൂളിലെ സാങ്കേതിക സൗകര്യങ്ങൾ ആവശ്യമെങ്കിൽ ലഭ്യമാക്കുന്നതിന് സ്കൂൾ അധികൃതർ ക്രമീകരണം ഒരുക്കേണ്ടതാണ്.

3 . പൊതുപ്രവേശന പരീക്ഷകളെ അടിസ്ഥാനമാക്കിയുള്ള വിഷയാധിഷ്ഠിത ക്ലാസുകളും മുൻവർഷങ്ങളിലെ പരീക്ഷാ ചോദ്യങ്ങളുടെ വിശകലനവും അധികപഠനത്തിനുള്ള ലിങ്കുകളും പാഠഭാഗങ്ങളെ അടിസ്ഥാനമാക്കിയുള്ള മോഡൽ പരീക്ഷകളും ഇതോടൊപ്പം നടത്തുന്നതാണ്. കുട്ടികൾ പഠന പ്രവർത്തനങ്ങളിലും ഓൺലൈൻ മോഡൽപരീക്ഷകളിലും പങ്കെടുക്കേണ്ടതാണ്. ഓരോ ടെസ്റ്റിലും നേടുന്ന സ്കോർ വെബ്സൈറ്റിൽ പരിശോധിക്കേണ്ടതാണ്.

4 . Key to entrance പരിപാടിയുടെ ഫലപ്രദമായ നടത്തിപ്പിനായി

പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ **HSST**, സൗഹൃദ കോഡിനേറ്റർ, **Career Guide** എന്നിവരുൾപ്പെടുന്ന ഒരു ടീമിനെ ചുമതലപ്പെടുത്തേണ്ടതാണ്. സ്കൂളിലെ മുഴുവൻ കുട്ടികളെയും **Key to entrance** പരിപാടിയിൽ രജിസ്റ്റർ ചെയ്യിക്കാനും ആവശ്യമായ പിന്തുണ നൽകാനുമുള്ള നടപടികൾ ഈ ടീമിൻറെ നേതൃത്വത്തിൽ സ്കൂളിൽ നടപ്പിലാക്കേണ്ടതാണ്.

**5 .** പോർട്ടലിൽ പേര് രജിസ്റ്റർ ചെയ്യൽ, കൈറ്റ് വിക്ടേഴ്സ് സംപ്രേഷണം ചെയ്യുന്ന ക്ലാസുകൾക്ക് ഉപരിയായുള്ള റിസോഴ്സുകൾ കണ്ടെത്തി ഉപയോഗിക്കൽ, മാതൃക പരീക്ഷകളിൽ പങ്കെടുക്കൽ, സ്കോർ പരിശോധിക്കൽ തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് അനുബന്ധമായി ചേർത്തിരിക്കുന്ന യൂസർ ഗൈഡിലെ വിവരങ്ങൾ ഉപയോഗിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

**ജോയിന്റ് ഡയറക്ടർ (അക്കാദമിക്)**

**(പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി)**

**<u>പകർപ്പ് :</u>**

1. ചീഫ് എക്സസിക്യൂട്ടീവ് ഓഫീസർ ,കൈറ്റ്.
2. എല്ലാ ഹയർസെക്കൻ്ററി/വൊക്കേഷണൽ ഹയർസെക്കൻഡറി പ്രഥമാധ്യാപകർക്കും.
3. എല്ലാ ആർ.ഡി.ഡി/എ.ഡി.മാർക്കും (എച്ച്.എസ്.ഇ/വി.എച്ച്.എസ്.ഇ.)
4. വി.എച്ച്.എസ്.ഇ. ഡെപ്യൂട്ടിഡയറക്ടർ (കരിക്കുലം).
5. കൈറ്റിലെ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും.